# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1074

13.06.2013 ൽ മറുപടിയ്ക്ക്

### പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസിന്റെയും സീറ്റുകളുടെയും വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. ടി.എം. തോമസ് ഐസക്** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

എ) 2011 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയ ഫീസ് നിരക്കിന്റെ വിശദാംശം നൽകുമോ; സർക്കാർ കോളേജുകളുടെയും സ്വകാര്യ സ്വാശ്രയ കോളേജുകളുടെയും നിരക്കുകൾ എത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

എ) 2011 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെയും സ്വാശ്രയ കോളേജുകളിലെയും പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയ ഫീസ് നിരക്ക് അനുബന്ധമായി ചേർക്കുന്നു.

ബി) 2012 ലും 2013 ലും 2011 ലുണ്ടായിരുന്ന നിരക്കിന്റെ എത്ര ശതമാനം വീതം വർദ്ധിപ്പിച്ച് നൽകുകയുണ്ടായി;

ബി) 2011 ലേതിനെ അപേക്ഷിച്ച് 2012 ൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു.

| എഞ്ചിനീയറിംഗ് | | |
|---|---|---|
| 1 | ഗവൺമെന്റ് | വർദ്ധനവ് ഇല്ല. |
| 2 | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | സർക്കാർ സീറ്റ്- 75% വർദ്ധനവ് മാനേജ്മെന്റ് സീറ്റ്- വർദ്ധനവ് ഇല്ല. |
| 3 | സ്വകാര്യ സ്വാശ്രയ കോളേജ് | സർക്കാർ സീറ്റ്- 14% വർദ്ധനവ് മാനേജ്മെന്റ് സീറ്റ്- വർദ്ധനവ് ഇല്ല. |
| 4 | ബി.ടെക് അഗ്രികൾച്ചർ | സർക്കാർ സീറ്റ്- 257% വർദ്ധനവ് |
| 5 | ബി.ടെക് ഫുഡ് | സർക്കാർ |

| | | |
|---|---|---|
| | എഞ്ചിനീയറിംഗ് | സീറ്റ്- വർദ്ധനവ് ഇല്ല |
| 6 | ബി.ടെക് ഡയറി സയൻസ് | സർക്കാർ സീറ്റ്- വർദ്ധനവ് ഇല്ല |
| എം.ബി.ബി.എസ്സ് | | |
| 1 | ഗവൺമെന്റ് | വർദ്ധനവ് ഇല്ല |
| 2 | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | സർക്കാർ സീറ്റ്- CMC- 72% വർദ്ധനവ് KNM- 50% വർദ്ധനവ് മാനേജ്മെന്റ് സീറ്റ്- CMC- 24% വർദ്ധനവ് KNM- 22% വർദ്ധനവ് |
| 3 | സ്വകാര്യ സ്വാശ്രയ കോളേജ് | സർക്കാർ സീറ്റ്- 9% വർദ്ധനവ് മാനേജ്മെന്റ് സീറ്റ്- 9% വർദ്ധനവ് . |
| ബി.ഡി.എസ്സ്. | | |
| 1 | ഗവൺമെന്റ് | വർദ്ധനവ് ഇല്ല |
| 2 | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | സർക്കാർ സീറ്റ്- 33% വർദ്ധനവ് മാനേജ്മെന്റ് സീറ്റ്- 34% വർദ്ധനവ് . |
| 3 | സ്വകാര്യ സ്വാശ്രയ കോളേജ് | സർക്കാർ സീറ്റ്- 9% വർദ്ധനവ് മാനേജ്മെന്റ് സീറ്റ്- 7% വർദ്ധനവ് . |
| ബി.എ.എം.എസ്സ്. | | |
| 1 | സർക്കാർ സീറ്റ് | വർദ്ധനവ് ഇല്ല |
| 2 | സ്വകാര്യ സ്വാശ്രയ | വർദ്ധനവ് ഇല്ല |

| | | |
|---|---|---|
| | കോളേജ് | |
| ബി.എച്ച്.എം.എസ്സ്. | | |
| 1 | സർക്കാർ സീറ്റ് | വർദ്ധനവ് ഇല്ല |
| 2 | സ്വകാര്യ സ്വാശ്രയ കോളേജ് | വർദ്ധനവ് ഇല്ല |
| ബി.എസ്സ്.സി.ഫിഷറീസ് | | |
| 1 | സർക്കാർ സീറ്റ് | വർദ്ധനവ് ഇല്ല |
| 2 | സ്വകാര്യ സ്വാശ്രയ കോളേജ് | വർദ്ധനവ് ഇല്ല |
| ബി.എസ്സ്.സി. അഗ്രികൾച്ചർ/ ഫോറസ്ട്രി | | |
| 1 | സർക്കാർ സീറ്റ് | 324% വർദ്ധനവ് |
| 2 | സ്വകാര്യ സ്വാശ്രയ കോളേജ് | വർദ്ധനവ് ഇല്ല |
| വെറ്ററിനറി | | |
| 1 | സർക്കാർ സീറ്റ് | വർദ്ധനവ് ഇല്ല |
| 2 | സ്വകാര്യ സ്വാശ്രയ കോളേജ് | വർദ്ധനവ് ഇല്ല |

ബി.ആർക് കോഴ്സുകൾക്ക് പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട് ചെയ്യുന്ന സീറ്റുകളിൽ താഴ്ന്ന വരുമാന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് 40,000/- രൂപ ട്യൂഷൻ ഫീസും താഴ്ന്ന വരുമാന വിഭാഗങ്ങളിൽപ്പെടാത്തവർക്ക് 40,000/- രൂപ ട്യൂഷൻ ഫീസിനുപുറമെ 25,000/- രൂപ സ്പെഷൽ ഫീയും മാനേജ്മെന്റ് കോട്ടയിലുള്ളവർക്ക് 1,10,000/- രൂപ ട്യൂഷൻ ഫീസും 40,000/- രൂപ സ്പെഷൽ ഫീസും 1,50,000/- രൂപ ഇൻടറസ്റ്റ് ഫ്രീ റീ ഫണ്ടബിൾ ഡെപ്പോസിറ്റും, NRI കോട്ടയിലുള്ളവർക്ക് 1,70,000/- രൂപ ട്യൂഷൻ ഫീസും 40,000/- രൂപ സ്പെഷൽ ഫീസും, 1,50,000/- രൂപ ഇൻടറസ്റ്റ് ഫ്രീ റീ ഫണ്ടബിൾ ഡെപ്പോസിറ്റും ഈടാക്കുവാൻ കോളേജുകളെ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2013 അധ്യയനവർഷത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള ട്യൂഷൻ ഫീസിനുപുറമെ 10,000/- രൂപവരെ മൂല്യവർദ്ധിത

കോഴ്സുകൾക്കും മറ്റനുബന്ധിത സേവനങ്ങൾക്കുമായി ഈടാക്കുവാൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ ( KCECMA) കീഴിലുള്ള കോളേജുകളിൽ NRI സീറ്റുകൾക്ക് 80,000/- യു.എസ്.ഡോളർ വരെ വാങ്ങാൻ അനുവദിച്ചിട്ടുണ്ട്. 2012 ൽ പ്രസ്തുത സീറ്റുകൾക്ക് 60,000/- യു.എസ്.ഡോളർ വരെ ആയിരുന്നു.

| | |
|---|---|
| സി) സംസ്ഥാനത്ത് ഓരോ പ്രൊഫഷണൽ കോഴ്സുകൾക്കും നിലവിൽ സർക്കാർ, സ്വാശ്രയ മേഖലകളിൽ ഉള്ള സീറ്റുകളുടെ എണ്ണം എത്ര; | സി) പ്രൊഫഷണൽ കോഴ്സുകൾക്ക് നിലവിലുള്ള സീറ്റുകളുടെ എണ്ണം കോഴ്സ് അടിസ്ഥാനത്തിൽ അനുബന്ധം ചേർക്കുന്നു. |
| ഡി) ഈ സർക്കാരിന്റെ കാലത്ത് വിവിധ ഘട്ടങ്ങളിൽ ഫീസ് നിരക്ക് വർദ്ധിപ്പിച്ച് നൽകിയതിലൂടെ സർക്കാരിനും സ്വാശ്രയ സ്ഥാപനങ്ങൾക്കും ലഭിച്ച അധിക വരുമാനം എത്ര; വിശദമാക്കുമോ? | ഡി) സർക്കാർ മേഖലയിൽ 2012- വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഫീസ് വർദ്ധനവ് ഒന്നും തന്നെ വന്നിട്ടില്ല. എന്നാൽ സ്വാശ്രയമേഖലയിൽ എം.ബി.ബി.എസ്സ്./ബി.ഡി.എസ്സ്./ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് 6,52,10,000/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>2012-ലെ 11704 എഞ്ചിനീയറിംഗ് സീറ്റുകളിൽ (ആകെയുള്ള 14053 സീറ്റുകളിൽ ഇന്റർചർച്ച് കോളേജുകളിലെ 2349 സീറ്റുകൾ ഒഴികെ) 5000/- രൂപയുടെ വർദ്ധനവ് അനുസരിച്ച് 5,85,20,000/- (11704 * 5000) അധികമായി നൽകിയിട്ടുണ്ട്.<br>2012-ലെ M.B.B.S- ന് ഓരോ കോളേജുകളിൽ നിന്നും ലഭിച്ച 50 സീറ്റുകളിൽ 20 ഗവൺമെന്റ് സീറ്റുകളിൽ ഫീസ് വർദ്ധനവ് ഉണ്ടായിട്ടില്ല. ബാക്കിയുള്ള 30 സീറ്റുകളിൽ 12,000/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആകെയുണ്ടായിരുന്ന 13 മെഡിക്കൽ കോളേജുകളിൽ ഇന്റർചർച്ചിന്റെ 4 മെഡിക്കൽ കോളേജുകളെ ഒഴിവാക്കി ബാക്കിയുള്ള 9 കോളേജുകളിലായി 32,40,000/- രൂപയുടെ (30*12,000*9=32,40,000/-) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>2012- ൽ B.D.S -ന് ആകെയുള്ള 575 സീറ്റുകളിൽ 14% വരുന്ന താഴ്ന്ന വരുമാന സീറ്റുകളിലും 26% വരുന്ന S.E.B.C സീറ്റുകളിലും (രണ്ടും കൂടി 230 സീറ്റ്) വർദ്ധനവ് ഉണ്ടായിട്ടില്ല. ബാക്കിയുള്ള 345 |

സീറ്റുകളിൽ ഓരോന്നിനും 10,000/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അധികമായി 34,50,000/- (345*10,000=34,50,000)-രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2012-ൽ ആകെ 6,52,10,000/- രൂപ അധികമായി സ്വാശ്രയ മാനേജ്മെന്റുകൾക്ക് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്